# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 928** **05.02.2020 ലെ മറുപടി**

## തിരുവനന്തപുരം മണ്ഡലത്തിലെ കടൽഭിത്തി നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയതുറ കടൽപ്പാലത്തിന് ഇരുവശങ്ങൾ, പൂന്തുറ മട്ടവും മുതൽ ചർച്ച് വരെയുള്ള ഭാഗങ്ങൾ, ചെറിയതുറ സുനാമി കരിശ്ശടി, വേളാങ്കണ്ണി കടപ്പുറം, ബീമാപള്ളി മാമൂട്ടുവിളാകം തൈയ്ക്കാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിലെ കാലപ്പഴക്കം മൂലം നശിച്ചിരിക്കുന്ന കടൽഭിത്തികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) കടൽക്ഷോഭം രൂക്ഷമാകുന്ന ആശങ്കാജനകമായ സാഹചര്യം കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ? | (എ), (ബി) & (സി) | തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വലിയതുറ കടൽപ്പാലത്തിന് തെക്ക് ഭാഗത്തായി 47 മീറ്റർ നീളത്തിൽ 37 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും, ബീമാ പള്ളി ഭാഗത്ത് 1245 മീറ്റർ നീളത്തിൽ 15 പുലിമുട്ടുകളുടെ 1670 ലക്ഷം രൂപയുടെ പ്രവൃത്തിയും, വലിയതുറ ഗ്രൗണ്ടിന്റെ വടക്കുഭാഗത്തായി 100 മീറ്റർ നീളത്തിൽ 77 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പിലാക്കി വരുന്നു. പൂന്തുറ ഗ്രോയിൻസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള 946 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. കൂടാതെ എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 2 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുവേണ്ടി 15.06.2019 ലെ സ.ഉ(കൈ) നം.21/2019/ജവിവ പ്രകാരം തിരുവനന്തപുരം ജില്ലയ്ക്ക് 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തി 264.25 ലക്ഷം രൂപയുടെ 35 പ്രവൃത്തികൾ ക്രമീകരിച്ചതിൽ 159.25 ലക്ഷം രൂപയുടെ 32 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 105 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

Prijith

**സെക്ഷൻ ഓഫീസർ**